അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിന് നടപടി

278 (2516) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചതിലും കൂടുതൽ ഫീസ് ചില കേന്ദ്രങ്ങളിൽ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര പരാതികൾ ലഭിച്ചു ; ഇവയിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) അക്ഷയ കേന്ദ്രങ്ങളിൽ നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത യോഗ്യതയുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്താറുണ്ടോ ; ജില്ലാ തലത്തിൽ ഇക്കാര്യം ആരാണ് പരിശോധിക്കുന്നത് ;

(ഡി) ജില്ലയിലെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടോ ;

(ഇ) അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. സർക്കാർ നിബന്ധനകൾ പാലിക്കണമെന്നും സേവന നിരക്കുകളുടെ പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണമെന്നും പ്രസ്തുത അക്ഷയ സെന്ററുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതു പരസ്യത്തിലൂടെ പ്രീഡിഗ്രി/പ്ലസ് ടു വിദ്യാഭ്യാസ അടിസ്ഥാന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് ഓൺലൈനായി നടത്തുന്ന പരീക്ഷയുടെയും ഇടർന്ന് അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് സംരംഭകരെ തെരഞ്ഞെടുത്ത് വരുന്നത്. എന്നാൽ ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന അക്ഷയ സംരംഭകരുടെ കീഴിലുള്ള അക്ഷയ കേന്ദ്രത്തിൽ നിയമിക്കപ്പെടുന്നവരുടെ യോഗ്യതകൾ എന്തൊക്കെ ആകണം എന്ന് നിഷ്കർഷിച്ചിട്ടില്ല.

(ഡി) എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല ഫീസ് നിരക്ക് അക്ഷയയുടെ ഔദ്യോഗിക വെബ് സൈറ്റായ www.akshaya.kerala.gov.in-ലും ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. ജനങ്ങൾക്ക് ഉത്തമവും കാര്യക്ഷമവുമായി പരമാവധി സേവനങ്ങൾ ലഭ്യമാക്കുന്നതിന് അക്ഷയ സംരംഭകരെ സന്നദ്ധരാക്കുന്നതിന് 'പാഠശാല' എന്നൊരു പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

അട്ടപ്പാടി പാക്കേജ്

279 (2517) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി പരമ്പരാഗത കാർഷിക വികസനത്തിന് അനുവദിച്ച തുകയിൽ ഭൂരിഭാഗവും ഇടനിലക്കാർ തട്ടിയെടുത്തതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) ആദിവാസി മേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന പദ്ധതികളിലെ തുകകൾ ഇടനിലക്കാരും ഉദ്യോഗസ്ഥരും തട്ടിയെടുക്കുന്നതായും ഇതുമൂലം ആദിവാസികൾക്ക് ദുരിതത്തിൽ നിന്നും കരകയറാൻ സാധിക്കുന്നില്ലെന്നുമുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കുള്ള പാക്കേജടക്കം പല പദ്ധതികളും പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നു എന്ന പരാതിയിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായിത്തന്നെ നടന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly